**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചക്കാല വിഭാഗത്തിൽപെട്ടവർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലുള്ള ചക്കാല വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച് കിർത്താഡ്സ് നടത്തിയ അന്വേഷണ റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; | (എ) | **സമർപ്പിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിർത്താഡ്സിലെ ഒരു റിസർച്ച് അസിസ്ററന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചക്കാല സമുദായ അവകാശം ഉന്നയിക്കുന്ന ആളുകളെ കണ്ട് അവരിൽ നിന്നും സമുദായത്തിന്റെ സാമൂഹിക സാംസ്കാരിക സവിശേഷതകളും ആചാരനുഷ്ഠാനങ്ങളും ഉൾപ്പെടുന്ന എതിനോഗ്രാഫിക്ക് വിവരശേഖരണം നടത്തി, ആയത് സമുദായത്തെകുറിച്ച് ലഭ്യമായ ഗ്രന്ഥങ്ങളിലെ വിവരങ്ങളുടെയും, മുൻപ് നടത്തിയ നരവംശ ശാസ്ത്രപരമായ അന്വേഷണങ്ങളുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്താൽ മാത്രമെ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പ്രദേശത്തെ ചക്കാല സമുദായ അവകാശം ഉന്നയിക്കുന്നവർക്ക് ഒ.ബി.സി ചക്കാല സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. മേൽ പ്രസ്താവിച്ച ഒ.ബി.സി അവകാശ വാദത്തിന് സമാനമായ ധാരാളം അന്വേഷണങ്ങളും പഠനങ്ങളും സമാന്തരമായി വകുപ്പിലെ ഗവേഷണ വിഭാഗത്തിന് പരിമിത ജീവനക്കാരെകൊണ്ട് നിർവ്വഹിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ പിന്നോക്ക വിഭാഗക്കാരുടെ അർഹമായ ആനുകൂല്യം തടയുന്ന ഒരു നടപടിയും വകുപ്പിലെ ജീവനക്കാരുടെ ഭാഗത്ത് നിന്നും വന്നിട്ടില്ല.** |
| (സി) | ഈ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിന്** |

| | | | |
|---|---|---|---|
| | ഉത്തരവാദിത്തം ഏത് ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കാമോ; പിന്നാക്ക വിഭാഗങ്ങളുടെ അർഹമായ ആനുകൂല്യം തടയുന്ന ഉദ്യോഗസ്ഥ നടപടികൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | **കിർത്താഡ്സിലെ ഒരു റിസർച്ച് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചക്കാല സമുദായ അവകാശം ഉന്നയിക്കുന്ന ആളുകളെ കണ്ട് അവരിൽ നിന്നും സമുദായത്തിന്റെ സാമൂഹിക സാംസ്കാരിക സവിശേഷതകളും ആചാരനുഷ്ഠാനങ്ങളും ഉൾപ്പെടുന്ന എതിനോഗ്രാഫിക്ക് വിവരശേഖരണം നടത്തി, ആയത് സമുദായത്തെകുറിച്ച് ലഭ്യമായ ഗ്രന്ഥങ്ങളിലെ വിവരങ്ങളുടെയും, മുൻപ് നടത്തിയ നരവംശ ശാസ്ത്രപരമായ അന്വേഷണങ്ങളുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്താൽ മാത്രമെ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പ്രദേശത്തെ ചക്കാല സമുദായ അവകാശം ഉന്നയിക്കുന്നവർക്ക് ഒ.ബി.സി ചക്കാല സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു. മേൽ പ്രസ്താവിച്ച ഒ.ബി.സി അവകാശ വാദത്തിന് സമാനമായ ധാരാളം അന്വേഷണങ്ങളും പഠനങ്ങളും സമാന്തരമായി വകുപ്പിലെ ഗവേഷണ വിഭാഗത്തിന് പരിമിത ജീവനക്കാരെകൊണ്ട് നിർവ്വഹിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ പിന്നോക്ക വിഭാഗക്കാരുടെ അർഹമായ ആനുകൂല്യം തടയുന്ന ഒരു നടപടിയും വകുപ്പിലെ ജീവനക്കാരുടെ ഭാഗത്ത് നിന്നും വന്നിട്ടില്ല.** |

സെക്ഷൻ ഓഫീസർ